ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/09/2017*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**DAYANANDA SANDESAM**



ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 5 ലക്കം 3

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ഭാദ്രപദം – ആശ്വിനം
1193 ചിങ്ങം – കന്നി 2017 സപ്തംബർ

വാർഷിക വരിസംഖ്യ: ₹ **100/-** ദീർഘകാലം: ₹**1500/-**



## യോഗേശ്വരനായ ശ്രീകൃഷ്ണൻ

<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ</u>

| | | |
|---|---|---|
| സപ്തംബർ 4 | : | തിരുവോണം |
| സപ്തംബർ 12 | : | ശ്രീകൃഷ്ണ ജയന്തി |
| സപ്തംബർ 21 | : | ശ്രീനാരായണഗുരു സമാധി |
| സപ്തംബർ 30 | : | വിജയദശമി |

*“മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! ''*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

## മണ്ഡലം 1 സൂക്തം 7



**മധുച്ഛന്ദാഃ ഋഷിഃ ഇന്ദ്രോദേവതാ നിചൃത്ഗായത്രീച്ഛന്ദഃ**
**ഷഡ്ജഃ സ്വരഃ**
**ഇന്ദ്രോ വാജേഷ്ഁനോ $f$വ സഹസ്രപ്രധനേഷുചഃ।**
**ഉഗ്ര ഉഗ്രാഭിരൂതിഭിഃ॥** **(ഋഗ്വേദം 1-7-4)**

**പദാർത്ഥം :-** അല്ലയോ ജഗദീശ്വര! (ഇന്ദ്ര) പരമൈശ്വര്യത്തെ നൽകുന്നവനും (ഉഗ്രഃ) എല്ലാപ്രകാരത്തിലും അനന്തപരാക്രമശാലിയുമായ അങ്ങ് (സഹസ്രപ്രധനേഷു) അസംഖ്യം ധനത്തെ നൽകുന്ന ചക്രവർത്തി രാജ്യത്തെ പ്രാപിക്കാവുന്ന (വാജേഷു) മഹായുദ്ധങ്ങളിൽ (ഉഗ്രാഭിഃ) അത്യന്തസുഖത്തെ നൽകുന്ന (ഊതിഭിഃ) ഉത്തമോത്തമമായ പദാർത്ഥങ്ങളുടെ പ്രാപ്തിയും പദാർത്ഥങ്ങളുടെ വിജ്ഞാനവും ആനന്ദത്തിലേക്ക് പ്രവേശിക്കുന്നതിനുമായി ഞങ്ങളുടെ (അവ) രക്ഷചെയ്താലും.

**ഭാവാർത്ഥം :-** യുദ്ധം ചെയ്യുന്ന ധർമ്മാത്മാക്കളായ പുരുഷന്മാർക്ക് തന്റെ കൃപചൊരിയുന്നത് പരമേശ്വരന്റെ സ്വഭാവമാണ്. എന്നാൽ ഇത് അലസൻമാർക്ക് ലഭിക്കില്ല. ഇതിൻനിന്നും ഏതൊരുമനുഷ്യനാണോ ജിതേന്ദ്രിയനായ പണ്ഡിതനും പക്ഷപാതം വെടിഞ്ഞ് ശരീരത്തിന്റേയും ആത്മാവിന്റേയും ബലത്തിൽ അത്യന്ത പുരുഷാർത്ഥം ചെയ്യുകയും ആലസ്യമുപേക്ഷിച്ച് ധർമ്മത്തൊടുകൂടി വലിയ യുദ്ധങ്ങൾ വിജയിച്ച് പ്രജകളെ നിരന്തരം പാലിക്കുന്നത്, അയാൾ മാത്രമാണ് പരമഭാഗ്യത്തെ പ്രാപിച്ച് സുഖത്തെ നേടുന്നത്.

**(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധക്ക്

**കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി കടുത്ത സാമ്പത്തിക പരാധീനതകളിലൂടെയാണ് മാസിക മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നത്. അച്ചടിച്ചിലവും മറ്റും ക്രമാതീതമായി വർദ്ധിച്ചതിനാൽ മാസികയുടെ വരിസംഖ്യ പുതുക്കി നിശ്ചയിക്കേണ്ടി വന്നിരിക്കുന്നു. വാർഷിക വരിസംഖ്യ 100/- രൂപയായും ദീർഘകാല വരിസംഖ്യ 1500/- രൂപയുമായിരിക്കും ഈ ലക്കം മുതൽ. വായനക്കാരുടെ അകമഴിഞ്ഞ സഹകരണം തുടർന്നും ഉണ്ടാവണമെന്ന ഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ശ്രാവണി ഉപാകർമ്മവും 'പ്രഥമാവൃത്തി' പഠനാരംഭവും





**ശ്രാ**വണ പൂർണ്ണിമ ദിനമായ ആഗസ്റ്റ് 7ന് കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ച് വിവിധ പരിപാടികൾ നടന്നു. കാലത്ത് വിശേഷാൽ അഗ്നിഹോത്രം, ഉപാകർമ്മം (പൂണൂൽ മാറ്റൽ), എന്നിവയോടൊപ്പം 4 പേരുടെ വൈദികവിധിപ്രകാരമുള്ള ഉപനയന സംസ്കാരവും നടന്നു. തുടർന്നു നടന്ന പൊതുപരിപാടിയിൽ നാലായിരത്തോളം സൂത്രങ്ങൾ അടങ്ങിയ പാണിനിയുടെ അഷ്ടാദ്ധ്യായിവ്യാകരണം മൂന്ന് മാസത്തിനകം കണ്ഠസ്ഥമാക്കിയ ബ്രഹ്മചാരികളുടെ സൂത്രപാഠാലാപനവും അവരുടെ അടുത്ത പഠനമായ 'പ്രഥമാവൃത്തി' യുടെ ഔപചാരികമായ ഉദ്ഘാടനവും നടന്നു. യോഗാദ്ധ്യക്ഷനും ഗുരുകുലം കുലപതിയും വിദ്യാഭാരതിയുടെ മുൻ അഖിലേന്ത്യാദ്ധ്യക്ഷനും പ്രഗ്ത്ഭ സംസ്കൃതപണ്ഡിതനുമായ ഡോ.പി.കെ.മാധവനാണ് പഠനം ഉദ്ഘാടനം ചെയ്തത്. ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടന്ന ഹൈദരാബാദ് വിമോചന സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷികളായവരെ അനുസ്മരിക്കുന്ന ചടങ്ങും നടന്നു. വാൽമീകി രാമായണത്തെ അധികരിച്ച് ഡോ. പി.കെ.മാധവന്റെ പഠനക്ലാസ്സും വാൽമീകി രാമായണാലാപനവും ഉണ്ടായി. തുടർന്ന് നടന്ന പ്രശ്നോത്തര മത്സരത്തിൽ പ്രായഭേദമില്ലാതെ എല്ലാവരും പങ്കെടുത്തു. വിജയികൾക്ക് പാരിതോഷികങ്ങളും നൽകി. സർവ്വശ്രീ ആചാര്യ ചതുർഭുജ് ആര്യ, ആചാര്യ വാമദേവ് ആര്യ, കെ.എം.രാജൻ, കെ.ഗോവിന്ദ പ്രസാദ്, വി.ഗോവിന്ദദാസ്, എസ്.ശ്രീധരശർമ്മ എന്നിവരും യോഗത്തിൽ സംസാരിച്ചു. ആയുർവ്വേദ ഭിഷഗ്വരനും ഗുരുകുലം രക്ഷാധികാരിയുമായ ഡോ.ശശികുമാർ നെച്ചിയിലിന്റെ നിർദ്ദേശാനുസരണം പ്രത്യേകം തയ്യാറാക്കിയ പതിനഞ്ചോളം ഔഷധകൂട്ട്, ജൈവകൃഷിയാൽ ഉണ്ടാക്കിയ നാടൻഅരി, നാടൻപശുവിന്റേയും ആടിന്റേയും പാൽ എന്നിവ ചേർത്തുണ്ടാക്കിയ ഔഷധക്കഞ്ഞിയായിരുന്നു ഉച്ചഭക്ഷണം.

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



ഋഷിദയാനന്ദനെ കണ്ടുമടങ്ങിയശേഷം ലേഖ്റാം ആര്യസമാജത്തിന്റെ പ്രവർത്തനത്തിൽ വ്യാപ്തനായി. തന്റെ പത്രാധിപത്യത്തിൽ 'ധർമ്മോപദേശ' മെന്ന ഒരു മാസിക തുടങ്ങി. നല്ലൊരു പ്രാസംഗികനുമായിരുന്നു അദ്ദേഹം. മുസ്ലീങ്ങളുമായി സംവാദം നടത്തുന്നതിൽ വളരെ സമർത്ഥനുമായിരുന്നു. മുസ്ലിം തീവ്രവാദികളും മുസ്ലിം ഓഫീസർമാരും ഇതിൽ രോഷാകുലരായി തീർന്നു. ഒരിക്കൽ ഒരു മുസ്ലിം ഓഫീസർ ലേഖ്റാമിന്റെ പ്രവൃത്തികളേകുറിച്ച് അന്വേഷിക്കാനെത്തി. ലേഖ്റാമുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹത്തിന്റെ തർക്കങ്ങൾക്കു മുന്നിൽ ഓഫീസർക്ക് ഉത്തരം മുട്ടി. അരിശം കൊണ്ട് ഓഫീസർ ലേഖ്റാമിനെതിരെ റിപ്പോർട്ട് നൽകി. സാർജന്റ് പദവിയിൽനിന്ന് മാറ്റിനിർത്തിയെങ്കിലും ലേഖ്റാം ഇതിലൊന്നും നിരാശനായില്ല. ഈ കാലഘട്ടത്തിൽ (വിക്രമിസംവത്സരം 1882) മഹർഷി ദയാനന്ദൻ ലേഖ്റാമിന് രണ്ടു കത്തുകൾ എഴുതി. ഒന്നാമത്തെ കത്ത് ഗോരക്ഷാവിഷയത്തേക്കുറിച്ചായിരുന്നു. ഗോരക്ഷാ വിഷയത്തിൽ ജനങ്ങളുടെ ഒപ്പുശേഖരണത്തിന് പ്രേരണ നൽകുന്നതായിരുന്നു അത്. പഞ്ചാബിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനായി വിദ്യാഭ്യാസ കമ്മീഷന് ഒരു മെമ്മോറാണ്ഡം നൽകാൻ ആവശ്യപ്പെട്ടായിരുന്നു രണ്ടാമത്തെ കത്ത് സ്വാമിജിയുടെ കത്ത് കിട്ടിയ ഉടൻ വളരെ ഉൽത്സാഹത്തോടെ ലേഖ്റാം അക്കാര്യം ഏറ്റെടുത്തു.

ഈ സമയത്താണ് ലേഖ്റാമിനെ കാലൂഖാം സ്റ്റേഷനിലേക്ക് സ്ഥലമാറ്റം ലഭിച്ചത്. കാലൂഖാം സ്റ്റേഷനിൽ ലേഖ്റാം ചാർജ്ജെടുക്കുന്ന് വരുന്നുണ്ടെന്നറിഞ്ഞപ്പോൾ തന്നെ മത തീവ്രവാദികളായ മുസ്ലീംങ്ങൾ പ്രകോപനം സൃഷ്ടിക്കാൻ തുടങ്ങി. ഈ ബഹളങ്ങൾക്കിടയിലും ലേഖ്റാം മറ്റുമതാവലംബികൾക്കു മുമ്പിൽ തന്റെ വൈദിക പക്ഷം സമർത്ഥമായി മുന്നോട്ട് വെച്ചു. നിരവധി സാധാരണക്കാരായ മുസ്ലീംങ്ങൾ ലേഖ്റാമിനൊപ്പം നിലകൊണ്ടു. പേഷാവാറിലെ പോലീസ് ഉത്തരവ് പുസ്കത്തിലെ രണ്ടുത്തരവുകളുടെ പകർപ് കിട്ടി. കാലൂഖാം പോലീസ് സ്റ്റേഷനിലെ മുസ്ലീം സബ് ഇൻസ്പെക്ടറും സാർജന്റായ ലേഖ്റാമും ഒരു കേസിൽ അശ്രദ്ധകാണിച്ചുവെന്നായിരുന്നു അത്. 1884 ജൂൺ 6 നാണ് ഈ ഉത്തരവുകൾ ഇറങ്ങിയത്. ഇതിനുമുമ്പു തന്നെ ലേഖ്റാം പോലീസ് സ്റ്റേഷൻ ഓഫീസിന്റെ ചുമതലയിൽ നിന്നും മാറിയിരുന്നു. അവിടത്തെ അസിസ്റ്റന്റ് മജിസ്ട്രേറ്റിന്റെ ഓഫീസിലേക്ക് മാറ്റപ്പെട്ടിരുന്നു. മുസ്ലിം സബ്ബ് ഇൻസ്പെക്ടർ മാത്രമായിരുന്നു ഉത്തരവിൽ പറയുന്ന കൃത്യ വിലോപത്തിനുത്തരവാദിയെന്ന് എല്ലാവർക്കുമറിയാമായിരുന്നു. എന്നാൽ ലേഖ്റാമിന്റെ ധാർമ്മിക പ്രവർത്തനങ്ങളിൽ അസഹിഷ്ണുക്കളായവർ കുറ്റക്കാരനല്ലാത്ത അദ്ദേഹത്തെ അപരാധിയാക്കി ശിക്ഷാനടപടികൾക്കൊരുങ്ങി. ലേഖ്റാമിനെ പേഷാവാറിൽ വിളിച്ചുവരുത്തി നാക്കടപ്പിക്കാമെന്ന് മുസ്ലിം ഓഫീസർമാർ വിചാരിച്ചെങ്കിലും ഈ അന്യായമായ ദാസത്വത്തിൽനിന്ന് സ്വയം സ്വതന്ത്രനാവാൻ ലേഖ്റാമിന് ഈ കുറ്റാരോപണം പ്രചോദനം നൽകി. 1884 സ്പ്തംബർ 24 ന് വീണ്ടും രാജികത്തെഴുതി രാജി അംഗീകരിക്കുന്ന ഉത്തരവ് സ്വയം തയ്യാറാക്കി 1884 സംപ്തംബർ 30 ന് കൈപ്പറ്റി. ആര്യസമാജത്തിന്റെ വേദപ്രചാരണരംഗത്തേക്ക് പൂർണ്ണസമയം പ്രചാരകനായി മാറിയ സാർജന്റ് ലേഖ്റാം, പണ്ഡിറ്റ് ലേഖ്റാം ആയി അറിയപ്പെട്ടു തുടങ്ങി.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 5 ലക്കം 3

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 ദാദ്രപദം – ആശ്വിനം
1193 ചിങ്ങം – കന്നി 2017 സപ്തംബർ

**രക്ഷാധികാരി**
സ്വാമി അശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| വേദപ്രകാശം പാഠാവലി | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## വേദങ്ങൾ അപൗരുഷേയമോ?

(തുടർച്ച)



**ഡോ.** രാമനാഥ് വേദാലങ്കാർ എഴുതിയ 'വേദോം കി വർണ്ണൻ-ശൈലിയാം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം ഇവയെ വർണ്ണിക്കുന്നു (പേജ് 15–19)

1. **പരോക്ഷകൃതം:–** പരോക്ഷകൃത ഋചകളിൽ സ്തോതവ്യത്തിന് (സ്തുതിക്കപ്പെടുന്നവന്) എല്ലാ വിഭക്തികളും വരാവുന്നതാണ്. സ്തോതവ്യം കർത്താവാണെങ്കിൽ അതിന്റെ ക്രിയ പ്രഥമ പുരുഷനായിരിക്കും. ഉദാഹരണത്തിന് – 'ഇന്ദ്രോ ദിവ ഇന്ദ്രോ ഈശേ പൃഥിവ്യാഃ (ഋഗ്വേദം 10.89.10) എന്ന ഋചയിൽ സ്തോതവ്യം ഇന്ദ്രൻ പ്രഥമാ വിഭക്തിയിലാണ്. കർത്താവുമാണത്. ഇതിൽ 'ഈശേ' എന്നത് പ്രഥമ പുരുഷക്രിയാപദമാണ്. 'ഇന്ദ്രമിദ് ഗാഥിനോ ബൃഹദിന്ദ്രമർക്കേഭിരർക്കിണഃ ഇന്ദ്രം വാണീരനൂഷത(ഋഗ്വേദം 1.7.1) എന്നതിൽ സ്തോതവ്യമായ ഇന്ദ്രൻ ദ്വിതീയാ വിഭക്തിയിലാണ്. ക്രിയയുടെ കർത്താവ് ഇന്ദ്രനല്ല. അതിനാൽ ക്രിയയെക്കുറിച്ച് ചിന്തിക്കുന്നില്ല. ഋഗ്വേദത്തിലെ 'ഇന്ദ്രേണൈതേ തൃത്സവോ വേവിഷാണാഃ (ഋഗ്വേദം 7.18.15), 'ഇന്ദ്രായ സാമഗായത'

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

(ഋഗ്വേദം 8.98.1), 'നേന്ദ്രാദൃതേ പവതെ ധാമ കിംചന' (ഋഗ്വേദം 9.69.6), 'ഇന്ദ്രസ്യ നു നിര്യാണി പ്രവോചമ്' (ഋഗ് വേദം 1.32.1), 'ഇന്ദ്രേകാമാഅയംസത' എന്നീ മന്ത്രാംശങ്ങളിൽ സ്തോതവ്യ ഇന്ദ്രൻ ക്രമപ്രകാരം തൃതീയ തുടങ്ങിയ വിഭക്തികളിലാണ് വരുന്നത്. എന്നാൽ 'ഗായത', 'പ്രവോചമ്' എന്നീ ക്രിയകൾ ക്രമത്തിൽ മധ്യമപുരുഷനും ഉത്തമപുരുഷനുമാണ്. എന്നിരുന്നാലും അതിൽ കർത്താവ് സ്തോതവ്യമല്ല. അതിനാൽ ഈ മന്ത്രങ്ങളെ പരോക്ഷകൃതമെന്ന് കണക്കാക്കണം.

2. **പ്രത്യക്ഷകൃതം** :- സ്തോതവ്യം 'ത്വം' (യുവാമ്, യൂയമ് എന്നിവയും ആവാം) എന്ന സർവ്വനാമത്താൽ പ്രകടിപ്പിക്കപ്പെടുന്നു. അതിന്റെ ക്രിയ മദ്ധ്യമ പുരുഷനായിരിക്കും. "ത്വമിന്ദ്ര ബലാദധി സഹസോ ജാത ഓജസഃ ത്വം വൃഷൻ വൃഷേദസി" (ഋഗ്വേദം 10.153.2) എന്ന മന്ത്രത്തിൽ സ്തോതവ്യമായ ഇന്ദ്രനെ സർവ്വനാമത്തിൽ പ്രയോഗിച്ചിരിക്കുന്നു. എന്നാൽ "അസി' എന്നത് മദ്ധ്യമ പുരുഷക്രിയയാണ്.

3. **ആദ്ധ്യാത്മികം:-** 'അഹം' എന്ന സർവ്വനാമത്താൽ സ്വയം പരിചയപ്പെടുത്തുന്നവയും ഉത്തമപുരുഷന്റെ ക്രിയയെ പ്രയോഗിക്കുകയും ചെയ്യുന്നവയാണ് ആദ്ധ്യാത്മിക ഋചകൾ. 'അഹം ഭൂവം വസുനഃ പൂര്യസ്പതിഃ ( ഋഗ്വേദം 10.48) തുടങ്ങിയ ഇന്ദ്രവൈകുണ്ഡസൂക്തത്തിലും 'ഇതിവാ ഇതിമേ മനോ ഗാമശ്വം സനുയാമിതി' (ഋഗ്വേദം 10.119), 'അഹം രുദ്രേഭിർവസുഭിശ്ചരാമി' (ഋഗ്വേദം 10.125) തുടങ്ങിയ സൂക്തങ്ങളും ആദ്ധ്യാത്മിക ഋചകൾക്ക് ഉദാഹരണമാണ്.

സ്തോതവ്യത്തിന്റെ ദൃഷ്ടിയിലാണ് ഈ വിഭാഗീകരണം. സ്തോതാവിന്റെ ദൃഷ്ടിയിലല്ലാ എന്നിവിടെ ശ്രദ്ധിക്കണം. സ്തോതാവിനായുള്ള ക്രിയകൾ മദ്ധ്യമപുരുഷൻ, ഉത്തമപുരുഷൻ എന്നിവയാകുമ്പോൾ അവയെ പ്രത്യക്ഷകൃതമെന്നോ ആദ്ധ്യാത്മിക ഋചകളെന്നോ പറയാനാവില്ല.

ഈ മൂന്നു പ്രകാരത്തിലുള്ള ഋചകളെ നിരുക്തകാരൻ വിവേചിച്ച് പറയുന്നത് വേദങ്ങളിൽ പരോക്ഷകൃതവും പ്രത്യക്ഷകൃതവുമായ മന്ത്രങ്ങൾ ധാരളമുണ്ടെങ്കിലും ആദ്ധ്യാത്മിക ലക്ഷണമുള്ളവ വളരെ വിരളമാണെന്നാണ്.

പ്രതിപാദ്യർത്ഥകാഴ്ചപ്പാടിലുള്ള എട്ടുശൈലികളെക്കുറിച്ച് നിരുക്തം 7-3 ൽ വിവരിക്കുന്നു.

**(തുടരും)**

- പത്രാധിപർ


## SUPPORT FOR VEDA GURUKULAM

We solicit your support for running our Veda Gurukulam by way of conducting special *'Yagya', 'Annadanam' etc.*., to meet the educational expenses of *'Brahmacharis' and* maintanance of *'Goshala'* during the occasion of Birthdays, Marriages, Marriage Anniversaries etc.. at your family. The donations may be made through Cheque / Draft or can be directly deposited at our Bank as per the details mentioned below

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**

**Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,**

**Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440**

**A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400**

**(Registered Under Section 12AA of Income Tax Act 1961)**






*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

**ചോദ്യം 12 : ഇന്ദ്രൻ കാളയെ ഭക്ഷിക്കുന്നതിനായി വേദങ്ങളിൽ പറയുന്നുണ്ടോ?**

**ഉത്തരം :** ഇന്ദ്രൻ കാളയെ ഭക്ഷിക്കുന്നതായി ചിത്രീകരിക്കുന്നതാണ് ഋഗ്വേദം 10.28 .3, 10.86.14 ലെ മന്ത്രങ്ങളെന്ന് ചിലർ പറയുന്നു. വൃഷഭം, ഉക്ഷൻ എന്നീ ശബ്ദങ്ങളുടെ അർത്ഥമറിയാത്തവരാണ് അതിന് കാളയെന്ന് പറയുന്നത്. ഋഗ്വേദത്തിൽ ഏതാണ്ട് 2- സ്ഥലങ്ങളിൽ അഗ്നിക്കും, 65 സ്ഥലങ്ങളിൽ ഇന്ദ്രനും, 11 സ്ഥലങ്ങളിൽ സോമനും 3 സ്ഥലങ്ങളിൽ പർജ്ജന്യനും 5 സ്ഥലങ്ങളിൽ ബൃഹസ്പതിക്കും 5 സ്ഥലങ്ങളിൽ രുദ്രനും വൃഷഭമെന്ന് പറയുന്നുണ്ട്. ഭാഷ്യകാരന്റെ കാഴ്ചപ്പാടിൽ വൃക്ഷഭമെന്നതിന്റെ അർത്ഥം യജ്ഞമെന്നാണ്. 'ഉക്ഷൻ' ശബ്ദം ഋഗ്വേദത്തിൽ അഗ്നി, സോമം, ആദിത്യൻ, മരുത് തുടങ്ങിയവയായും പ്രയോഗിക്കുന്നുണ്ട്. വൃക്ഷഭം, ഉക്ഷൻ എന്നതിന് ഇത്രയധികം അർത്ഥങ്ങൾ വേദങ്ങളിലുള്ളപ്പോൾ വ്യർത്ഥമായി കാളയെന്നർത്ഥമെടുക്കുകയും ഇന്ദ്രനത് ഭക്ഷിക്കണമെന്ന് പറയുന്നതും യുക്തിസഹവും തർക്കപൂർണ്ണവുമല്ല. ഈ സന്ദർഭത്തിൽ ഋഗ്വേദം 2.52.1 ൽ ഇന്ദ്രന്റെ ഭോജ്യപദാർത്ഥങ്ങൾ നിരാമിഷമായ ധാന്യങ്ങൾ, പുരോഡാശം, സോമരസമെന്നൊക്കെയാണ്, കാളയല്ല.

യജുർവ്വേദം 8.43 ൽ പശുക്കളെ ഇഡാ, രന്താ, ഹവ്യാ, കാമ്യാ, ചന്ദ്രാ, ജ്യോതി, അദിതി. സരസ്വതി,. മഹീ, വിശ്രുതി, അഘ്ന്യ എന്നോക്കെയാണ് പറഞ്ഞിരിക്കുന്നത്. സ്തുതിക്ക് പാത്രമാവുന്നതിനാൽ ഇഡാ, രമയിത്രിയായതിനാൽ രന്താ, പാൽ യജ്ഞത്തിന് ഹവിസ്സായി ഉപയോഗിക്കുന്നതിനാൽ ഹവ്യാ, ഇഷ്ടപ്പെടാൻ ആഗ്രഹിക്കുന്നതാകയാൽ കാമ്യാ, ഹൃദയത്തെ പ്രസന്നമാക്കുന്നതിനാൽ ചന്ദ്രാ, അഖണ്ഡനീയമായതിനാൽ അദിതി, പാൽ നൽകുന്നവളായതിനാൽ സരസ്വതി, മഹിമാശാലിനിയായതിനാൽ മഹി, വിവിധ രൂപത്തിൽ കേൾക്കുന്നതിനാൽ വിശ്രുതി, കൊല്ലാൻ പാടില്ലാത്തതിനാൽ അഘ്ന്യ എന്നീ അർത്ഥങ്ങൾ പശുവിന് പറയുന്നു.

അഘ്ന്യാ ശബ്ദം പശുവിനെ കൊല്ലരുതെന്ന സന്ദേശം ഇത്രയും സ്പഷ്ടമായി പറയുന്നതിനാൽ വൈദേശികരായ ഭാഷ്യകാരന്മാരും അതിനെ പൂർണ്ണമായി സ്വീകരിക്കുന്നുണ്ട്.

"അല്ലയോ പശു! നീ പൂജ്യയാണ്. നിന്റെ പൂജ്യത ഞാനും നേടട്ടെ" (യജുർവ്വേദം 3.20)

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**തു**ടർന്ന് എരുമയെ വിറ്റ് കുതിരയേയും കുതിരയെ വിറ്റ് ഒരു പിടിയാനയേയും വാങ്ങും. അതിന്റെ കുട്ടികളെ വിറ്റ് രണ്ട് കല്ല്യാണം കഴിക്കും. അവളിൽ ഒരുത്തിക്ക് പ്യാരിയെന്നും മറ്റേയാൾക്ക് അപ്രിയയെന്നും പേരിടും. പ്യാരിയുടെ മകൻ വന്ന് മടിയിലിരിക്കുമ്പോൾ അപ്രിയയുടെ മകൻവന്ന് 'ഞാനും മടിയിലിരിക്കട്ടെ' എന്നുചോദിക്കുമ്പോൾ 'വേണ്ടാവേണ്ടാ' എന്ന് തലയാട്ടിപ്പറയും. അങ്ങനെ തലയാട്ടിപ്പറഞ്ഞപ്പോൾ കുടം ഇളകി നിലത്തുവീണുടഞ്ഞു. നെയ്യെല്ലാം ഭൂമിയിലേക്കൊഴുകി. വ്യാപാരി കരയാൻ തുടങ്ങി. ശേഖ്ചില്ലിയും കരഞ്ഞുതുടങ്ങി.

"നീ എന്തിനാണ് കരയുന്നത്? നിനക്കെന്താണ് നഷ്ടമായത്?" വ്യാപാരി ശേഖ്ചില്ലിയോട് ചോദിച്ചു.

**ശേഖ്ചില്ലി** : താങ്കൾക്കെന്താണ് നഷ്ടം? അങ്ങെന്തിനാണ് കരയുന്നത്?

**വ്യാപാരി** : ഞാൻ പത്തുരൂപകടം വാങ്ങി ആദ്യമായി നെയ്യ് വാങ്ങി അത് വിറ്റ് വൻലാഭമുണ്ടാക്കാനാവുമെന്ന് വിചാരിച്ചുകൊണ്ട് നടക്കുകയായിരുന്നു. നീ അതെല്ലാം തല്ലിയുടച്ചു. പിന്നെ ഞാനെങ്ങനെ കരയാതിരിക്കും?

**ശേഖ്ചില്ലി** : അങ്ങയുടെ പത്തുരൂപയല്ലെ പോവുള്ളു. എന്റെ കെട്ടിപ്പണിതുണ്ടാക്കിയ വീടുപോലും തകർന്നുപോയി. പിന്നെ ഞാൻ കരയാതിരിക്കുന്നത് എങ്ങനെ?

**വ്യാപാരി** : നിന്റെ കരച്ചിൽകൊണ്ട് എന്റെ നെയ്യ് തിരിച്ചുകിട്ടുമോ?

**ശേഖ്ചില്ലി** :അതുകൊള്ളാം! അങ്ങയുടെ കരച്ചിൽകൊണ്ട് എനിക്കു നഷ്ടപ്പെട്ട വീട് തിരിച്ചുലഭിക്കുമോ?

**വ്യാപാരി** : നീയും നിന്റെ അച്ഛനും മണ്ടന്മാരാണ്.

ഇത്തരത്തിൽ വഴക്കടിച്ച് രണ്ടുപേരും പരസ്പരം അടികൂടി. ശേഖ്ചില്ലി അടികൊണ്ട് തന്റെ ഗൃഹത്തിലേക്ക് ഓടിപ്പോയി. മണ്ണിൽ കുതിർന്ന നെയ്യും കൊണ്ട് വ്യാപാരിയും സ്വന്തം വീട്ടിലേക്ക് യാത്രയായി. സ്വന്തം കഴിവില്ലാതെ മനക്കോട്ടകൾ കെട്ടി അസാദ്ധ്യമായ കാര്യങ്ങൾ ചെയ്യുമെന്ന് ആഗ്രഹിക്കുന്നവരെ പണ്ഡിതന്മാർ മൂഢരെന്നുപറയും.

**അനാഹുതഃ പ്രവിശന്തി അപൃഷ്ടോ ബഹുഭാഷതെ**
**അവിശ്വസ്തേ വിശ്വസിതി മൂഢചേതാ നരാധമഃ**

**(മഹാഭാരതം ഉദ്യോഗപർവ്വം, വിദുരനീതി 32 – ാം അദ്ധ്യായം)**

സഭകളിലും മറ്റും വിളിക്കാതെ ചെന്നുകയറി സൽക്കാരവും ആദരവും ആഗ്രഹിക്കുക, സത്പുരുഷന്മാർക്ക് രസിക്കാത്ത തരത്തിൽ അപ്രിയമായ ആചരണം നടത്തുക. ചോദിക്കാതെ വൻ അഭിപ്രായങ്ങൾ തട്ടിവിടുക. വിശ്വസിക്കാൻ കൊള്ളാത്തവരെ വിശ്വസിച്ച് സൗഖ്യത്തിന് ഹാനി വരുത്തുക. ഇത്തരത്തിൽ പ്രവർത്തിക്കുന്നവരെ മൂഢബുദ്ധികളെന്നും മനുഷ്യന്മാരിൽ താഴ്ന്നവനെന്നും വിളിക്കുന്നു.

ഇത്തരം മൂഢന്മാർ പഠനപാഠന വ്യവഹാരങ്ങൾ നടത്തുകയാണെങ്കിൽ അവിടെ സുഖം എങ്ങനെയുണ്ടാവും? അവിടെ ദുഃഖത്തിന്റെ സമാവേശമാണുണ്ടാവുക. അതിനാൽ ബുദ്ധിമാന്മരായവർ മൂഢന്മാരുടെ സമ്പർക്കം വെടിയുകയും അവരുമായി സംസാരിച്ച് സമയം കളയുന്നത് വ്യർത്ഥമാണെന്ന് മനസ്സിലാക്കി നേരത്തേപറഞ്ഞ ധാർമ്മികരും പണ്ഡിതരുമായി ബന്ധം സ്ഥാപിക്കുകയും പഠനപാഠന ക്രിയകൾ നിർവ്വഹിക്കുകയും സുശീലരും ബുദ്ധിമാന്മാരുമായ വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്യണം. വിദ്വാന്മാരുടേയും മൂഢന്മാരുടേയും ലക്ഷണം പറഞ്ഞ ഭാഗങ്ങൾ വിദൂരനീതി (മഹാഭാരതത്തിലെ)യിലെ 32 – ാം അദ്ധ്യായത്തിലുണ്ട്.

**(തുടരും)**

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***
***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അഥ വേദോൽപ്പത്തി വിഷയഃ

**ചി**ലർപറയുന്നു വേദോൽപത്തിയുണ്ടായിട്ട് 2400 വർഷങ്ങളായി എന്നും മറ്റുചിലർ 2800, 3000, 3100 എന്നിങ്ങനേയും പറയുന്നു. ഇത് തെറ്റാണ്. ഇപ്രകാരം ആരെല്ലാമാണോ (വൈദിക് യന്ത്രാലയത്തിൽ അച്ചടിച്ച ഗ്രന്ഥത്തിൽ 'ആരെല്ലാമാണൊ.....' ഈ വാചകത്തിന്നവസാനം 'ഇതിൽനിന്ന് എന്തു മനസ്സിലായി എന്ന പാഠത്തിനുശേഷം അസ്ഥാനത്താണ് അച്ചടിച്ചിരിക്കുന്നത്) സ്വന്തം പ്രാദേശിക ഭാഷയിൽ അത്തരത്തിൽ വേദങ്ങളെ വ്യാഖ്യാനിച്ചിരിക്കുന്നത് അവരുടെ വ്യാഖ്യാനങ്ങളും മിഥ്യയാണ്. എന്തെന്നാൽ ആര്യന്മാരുടെ ദിനംപ്രതിയുള്ള ദിനചര്യകളും സങ്കൽപപാഠം ചൊല്ലുന്ന സമ്പ്രദായവും യഥാവിധി കേൾക്കുകയോ ചിന്തിക്കുകയോ ചെയ്തിട്ടില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇത്തരം ആശയക്കുഴപ്പം അവർക്കുണ്ടാവുമായിരുന്നില്ല. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് വേദങ്ങളുടെ ഉൽപത്തി പരമേശ്വരനിൽ നിന്നാണ് എന്നതാണ്. മേൽ വിവരിച്ച വർഷങ്ങൾ വേദങ്ങളുടേയും ജഗത്തിന്റേയും ഉൽപത്തിക്കുശേഷം കഴിഞ്ഞുപോയിരിക്കുന്നു. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് 1000 ചതുർയുഗങ്ങൾ കഴിയുന്നതുവരെ ഈശ്വരോക്തമായ വേദഗ്രന്ഥങ്ങൾ, ഈ ജഗത്ത്, നാമെല്ലാം ഈശ്വരന്റെ അനുഗ്രഹത്താൽ സദാ നിലനിന്നുകൊണ്ടേയിരിക്കും (ഈ ഭാഷയിലെ ലേഖനത്തിൽ മന്വന്തരങ്ങൾക്കുശേഷം അവാന്തര പ്രളയത്തേപ്പറ്റി അംഗീകരിച്ചിട്ടില്ലാ എന്ന് പലർക്കും സംശയം തോന്നാം. സംസ്കൃതഭാഷയിലല്ലാ ഈ ലേഖനമെന്ന് പ്രത്യേകം ശ്രദ്ധിച്ചാലും) അവാന്തര പ്രളയത്തേക്കുറിച്ച് ഗ്രന്ഥകാരന്റെ അഭിപ്രായം സ്പഷ്ടമാണ്. മഹാപ്രളയത്തേയും അവാന്തര പ്രളയത്തേയും അദ്ദേഹം മാനിക്കുന്നുണ്ട്. ഇതിന്നായി സത്യാർത്ഥപ്രകാശത്തിന്റെ പ്രസ്തുത ഭാഗം നോക്കണം.

"എപ്പോഴാണോ മഹാ പ്രളയമുണ്ടാവുന്നത് അതിനുശേഷം ആകാശാദിക്രമത്തിൽ അതായത് – ആകാശം, വായു എന്നിവയുടെ പ്രളയമുണ്ടാവുന്നില്ല. അഗ്ന്യാദികളുടെ ഉണ്ടാവുന്നു (അപ്പോൾ) അഗ്ന്യാദികൾ ക്രമത്തിൽ – വിദ്യുത് അഗ്നിയുടെയും നാശമുണ്ടാവുന്നില്ല. അപ്പോൾ ജലക്രമത്തിൽ സൃഷ്ടി ഉണ്ടാവുന്നു. എന്നുവെച്ചാൽ ഏതൊരു പ്രളയത്തിൽ എവിടംവരെ പ്രളയമുണ്ടാകുന്നുവോ അവിടെനിന്ന് സൃഷ്ടിയുമുണ്ടാവുന്നു. (സത്യാർത്ഥപ്രകാശം എട്ടാം സമുല്ലാസം, രാംലാൽ കപൂർട്രസ്റ്റ് പ്രസിദ്ധീകരിച്ചത്. പേജ് 324).

മഹാപ്രളയത്തേയും ഖണ്ഡപ്രളയത്തേയും ഗ്രന്ഥകാരൻ വർണ്ണിച്ചിട്ടുണ്ടെന്ന് ഇതിൽനിന്ന് വ്യക്തമാണ്. 'എവിടംവരെ പ്രളയമുണ്ടാവുന്നുവോ അവിടുന്ന് സൃഷ്ടി ഉൽപത്തിയുണ്ടാവുന്നു' വെന്നത് അവാന്തരപ്രളയം അഥവാ ഖണ്ഡപ്രളയത്തേക്കുറിച്ചാണെന്ന് വ്യക്തമാണ്. മഹാപ്രളയത്തിൽ സമ്പൂർണ്ണസ്ഥൂലജഗത്തിന്റെ ലയം ഉണ്ടാവുന്നു. പ്രകൃതിസമാവസ്ഥയിലെത്തിച്ചേരുന്നു. മഹാപ്രളയത്തിലും അവാന്തര പ്രളയത്തിലും വേദോൽപത്തി പ്രക്രിയയുടെ കാര്യത്തിൽ ശാസ്ത്രകാരന്മാർ വ്യത്യാസം കാണുന്നുമുണ്ട്.

**(തുടരും)**

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*



**ഈ**ശ്വരന് ഈ ജഗത്ത് സൃഷ്ടിച്ചതുകൊണ്ട് എന്താണ് പ്രയോജനമെന്ന് വല്ലവരും ചോദിച്ചേക്കാം.

ഈ സംശയത്തേക്കുറിച്ച് ചിന്തിക്കുമ്പോൾ 'പ്രയോജന' മെന്ന ശബ്ദത്തിന്റെ യഥാർത്ഥ അർത്ഥമെന്തെന്ന് നോക്കേണ്ടതുണ്ട്. ഈ ജഗത്തിൽ കാണുന്ന തരത്തിലുള്ള ഇച്ഛ ഈശ്വരനിലില്ല. അതിനാൽ

**യമർത്ഥമധികൃത്യ പ്രവർത്തതേ തൽപ്രയോജനമ്** **(ന്യായം 1.1.24)**

ഈ പ്രയോജന ശബ്ദത്തിന്റെ അർത്ഥമിവിടെയുണ്ടാവില്ല. വിശപ്പടക്കാൻ ഭക്ഷണം പാകം ചെയ്യുന്നു. വിശപ്പകറ്റുകയെന്നതാണിവിടത്തെ പ്രയോജനം. ഈശ്വരനേക്കാൾ വലിയ പദാർത്ഥമൊന്നുമില്ല. ഈശ്വരനെ പ്രവൃത്തിപ്പിക്കുന്ന പദാർത്ഥങ്ങളും ഇല്ല. അതിനാൽ ഈശ്വരന്റെ പ്രവർത്തികൾക്ക് മേൽ വിവരിച്ചതരത്തിലുള്ള പ്രയോജനം ആവശ്യമില്ല. രണ്ടാമതായി മുകളിൽ പറഞ്ഞ സംശയം ഉന്നയിക്കുന്നവരോട് നമുക്ക് മറിച്ചൊന്നു ചോദിക്കാം 'ഈ സൃഷ്ടി രചന നടത്താതിരുന്നതുകൊണ്ട് ഈശ്വരനെന്തു പ്രയോജനമാണുള്ളത്' എന്ന്. ഈ ചോദ്യത്തിന് നിങ്ങൾക്ക് ഉത്തരമില്ലാത്തതിനാൽ നമ്മളും ഈ സൃഷ്ടി നടത്തുന്നതുകൊണ്ട് ഈശ്വരന് പ്രയോജനമുണ്ടെന്ന് പറയുന്നില്ല. അപ്പോൾ നമ്മുടെ രണ്ടുപേരുടേയും ചിന്തകൾ സമമായി. എന്നാലിത് അങ്ങനെയല്ല. ഈശ്വരന്റെ സാമർത്ഥ്യം നിഷ്ഫലമായി പോകരുത്. ഈശ്വരന്റെ ശക്തി പ്രകടിപ്പിക്കാതെ അദ്ദേഹം സൃഷ്ടി രചനനടത്തുന്നില്ലാ എങ്കിൽ ഈശ്വരനിൽ ഈ സാമർത്ഥ്യമുണ്ടായിട്ടെന്ത് ലാഭമാണുള്ളത്? സർവ്വശക്തിമാൻ എന്ന അദ്ദേഹത്തിന്റെ ഗുണം ഫലമില്ലാതെപോവും. സർവ്വശക്തിമാൻ എന്ന ശബ്ദത്തിൽ രചന, ധാരണ, ദയ തുടങ്ങിയ ഗുണങ്ങൾ അടങ്ങിയിട്ടുണ്ട്. അതിനാൽ ശക്തിസാഫല്യമാണ് സൃഷ്ടി രചനകൊണ്ടുള്ള പ്രയോജനം. ചിലർ പറയുന്നത് ഈശ്വരൻ തന്റെ ലീലയാലാണ് ഈ ജഗത്ത് നിർമ്മിച്ചത് എന്നാണ്. അതിൽ ജഗദുൽപ്പത്തിയുടെ പ്രയോജനം ലീലയാണ്. എന്നാലിങ്ങനെ പറയുന്നത് ശരിയാവില്ല. എന്തെന്നാൽ ഈശ്വരൻ പ്രസന്നൻ - അഥവാ - സുഖാനുഭവം സ്വീകരിക്കുന്നവനാണെങ്കിൽ അദ്ദേഹത്തിൽ അപ്രസന്നത - ദുഃഖമുണ്ടായിരിക്കും. അതിനാൽ സൃഷ്ടി ഉൽപ്പത്തിയുടെ കാരണം ഈശ്വരലീലയാണെന്ന് പറയുന്നവരുടെ വാദത്തെ തള്ളിക്കളയണം.

ചിലയാളുകൾ ചോദിക്കാറുള്ള സംശയം വിത്താണോ വൃക്ഷമാണോ ആദ്യമുണ്ടായത് എന്നാണ്. അതിനുള്ള ഉത്തരം കേട്ടോളൂ.

ആദ്യം വിത്താണുണ്ടായത് എന്നുപറയുകയാണെങ്കിൽ വൃക്ഷമില്ലാതെ വിത്തെങ്ങനെ ഉണ്ടാവും? വൃക്ഷമാണാദ്യമുണ്ടായതെങ്കിൽ വിത്തില്ലാതെ വൃക്ഷമെങ്ങനെയുണ്ടാവാനാണ്? ഇപ്രകാരം 'ഉഭയതഃ പാശാ രജ്ജുഃ ' എന്ന ചൊല്ല് ലഭിക്കുന്നു. വിത്താണാദ്യമുണ്ടായത് എന്ന് നാം പറയും. എന്തെന്നാൽ എല്ലാ ജഗത്തിന്റേയും ബീജം ഈശ്വരനാണ്. അവിടെനിന്ന് എല്ലാം ഉൽപ്പന്നമായി.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ചോദ്യം 65 : – കർമ്മഫലസിദ്ധാന്തം എന്താണ്? എപ്രകാരമാണ്?**

**ഉത്തരം** : സത്കർമ്മങ്ങൾക്ക് നല്ല ഫലവും ചീത്തകർമ്മങ്ങൾക്ക് ചീത്തഫലവും ലഭിക്കുമെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇത് നമുക്ക് ഈ ജീവിതത്തിൽ പ്രത്യക്ഷമായി കാണുകയും മനസ്സിലാക്കുകയും ചെയ്യാവുന്നതാണ്. എല്ലാ കർമ്മങ്ങളുടേയും ഫലം ഉടൻ ലഭിക്കുന്നില്ല. അതിന് സമയമെടുക്കുന്നു. അതായത് വിത്തുണ്ടായതിനുശേഷം ഫലമുണ്ടാകാൻ സമയമെടുക്കുന്നു. എന്നാൽ സമയത്തിന്റെ സീമയെപ്പറ്റി നമുക്ക് ഒന്നും തന്നെ അറിയില്ല. എങ്കിൽ കർമ്മഫലം എങ്ങനെയാണ് ലഭിക്കുന്നത്?

ഈശ്വരൻ ജാതി, ആയുസ്സ്, ഭോഗം എന്നിവയുടെ അടിസ്ഥാനത്തിൽ കർമ്മഫലവ്യവസ്ഥയെ ചെയ്യുന്നു കർമ്മഫലം എപ്പോൾ ലഭിക്കുമെന്ന് നമുക്കറിയാൻ സാധിക്കില്ല. നമ്മുടെയെല്ലാം ഉള്ളിലുള്ള 'ചിത്തം' എന്ന വസ്തുവിൽ എല്ലാ ശുഭാശുഭകർമ്മങ്ങളുടേയും സംസ്കാരമുണ്ട്. ശുഭകർമ്മങ്ങൾ അധികമായാൽ മനുഷ്യൻ സുഖമുള്ളവനായിത്തീരുന്നു. മറിച്ച് ദുഷ്കർമ്മങ്ങൾ കൂടുതലായാൽ ദുഃഖിതനായിത്തീരുകയും ചെയ്യുന്നു.

വർത്തമാന ജീവിതം അവസാനിക്കുന്നതോടുകൂടി അതായത് മൃത്യു സംഭവിക്കുന്നതോടെ ആത്മാവ് തന്റെ സൂക്ഷ്മ ശരീരത്തോടുകൂടി ഈശ്വരാധീനമായി തീരുകയും ഈശ്വരീയ വ്യവസ്ഥയനുസരിച്ച് (ഇതുവരെയുള്ള കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ) അടുത്തയോനിയിൽ പ്രവേശിക്കുകയും തന്റെ പൂർവ്വകർമ്മങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. മനുഷ്യൻ, പശു, പക്ഷി, കീടം, ആന, കുതിര തുടങ്ങി വളരെയധികം യോനികളുണ്ട്. ഏതുയോനിയിലാണ് പ്രവേശിക്കുക എന്നത് ഈശ്വരനല്ലാതെ മറ്റാർക്കും അറിയില്ല. മനുഷ്യയോനി ഭോഗവും യോഗവും ചേർന്നതാണ്. ബാക്കിയെല്ലാം ഭോഗയോനികളാണ്. ഇവയുടെയെല്ലാം ജാതി, ആയുസ്സ്, ഭോഗം തുടങ്ങിയ വ്യവസ്ഥകളെല്ലാം ഈശ്വരനാണ് ചെയ്യുന്നത്. എന്നാൽ മനുഷ്യയോനിയിൽ മാത്രമാണ് ജീവാത്മാവിന് കർമ്മം ചെയ്യാനുള്ള സ്വാതന്ത്ര്യമുള്ളത്. അതായത് മനുഷ്യന് ഉന്നതിയോ അവനതിയോ പ്രാപ്തമാകുവാൻ സാധിക്കുന്നു.

ആത്മാവ്, വായു, ജലം, ഫലം, അന്നം, ഓഷധികൾ തുടങ്ങിയ ഈശ്വരീയ വ്യവസ്ഥയനുസരിച്ച് മനുഷ്യശരീരത്തെ പ്രാപിക്കുന്നു. അതാണ് സർവ്വശ്രേഷ്ഠമായ യോനി.

മനുഷ്യന്റെ ആയുസ്സ് 100 വർഷം എന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ പ്രകൃതി നിയമങ്ങൾക്കനുസരിച്ച് ജീവിച്ചാൽ ഇതിലധികവും ജീവിക്കാവുന്നതാണ്. മനുഷ്യന്റെ ഉപഭോഗത്തിനായി സസ്യാഹാരം, ഫലങ്ങൾ, അന്നം, ഓഷധി മുതലായവ ഈശ്വരൻ ഒരുക്കികൊടുക്കുന്നു. ശുഭകർമ്മങ്ങൾ ചെയ്താൽ മനുഷ്യയോനിയിലും അശുഭകർമ്മങ്ങളനുഷ്ഠിച്ചാൽ മറ്റു പക്ഷിമൃഗാദികളുടെ യോനിയിലും ജനിക്കുന്നു.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



# യോഗദർശനം

(മുൻ ലക്കത്തിന്റെ തുടർച്ച)

## (മഹർഷി വ്യാസഭാഷ്യസഹിതം)

**സ്വാമി സത്യപതി പരിവ്രാജക്**
**തർജ്ജമ : കെ.എം. രാജൻ**

2. എത്രതന്നെ വലിയ സിദ്ധയോഗിയായിക്കൊള്ളട്ടെ അദ്ദേഹം ഒരിക്കലും ഈശ്വരനു തുല്യം സർവ്വജ്ഞനാവില്ല. സൃഷ്ടി, സ്ഥിതി, പ്രളയം എന്നിവ നടത്താൻ സമർത്ഥനുമാവില്ല.
3. യോഗദർശനത്തിൽ സിദ്ധികളേക്കുറിച്ച് മനനം ചെയ്ത് സ്വന്തം കാഴ്ചപ്പാട് നൽകിയിരിക്കുന്നു. ഏതെല്ലാം സിദ്ധികളേയാണ് മാനിക്കേണ്ടത്, ഏതെല്ലാമാണ് തള്ളേണ്ടത്. ഏതുതരത്തിൽ മാനിക്കണം. എത്രത്തോളം മാനിക്കണമെന്നും പറയുന്നുണ്ട്.
4. യോഗദർശനത്തിലെ സൂക്ഷ്മ വിഷയങ്ങളെ സരളമായ ഭാഷയിൽ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.
5. യോഗാഭ്യാസി ഈശ്വരസാക്ഷാത്ക്കാരംവരെ എങ്ങനെ നേടുന്നു, യോഗത്തിന്റെ വാസ്തവിക സ്വരൂപമെന്താണ്?
   ഇവയെ ക്രിയാരൂപത്തിൽ മനസ്സിലാക്കിക്കാൻ ശ്രമിച്ചിട്ടുണ്ട്.
6. ഈശ്വരന്റെ വാസ്തവിക സ്വരൂപത്തെകുറിച്ച് പറയാനും ഈശ്വരപ്രാപ്തിക്കായി അധികബലം നൽകാനും ശ്രമിച്ചിട്ടുണ്ട്.
7. ഇതിൽ വ്യാസഭാഷ്യത്തിന്റെ അനുവാദത്തോടൊപ്പം വിശദമായ വ്യാഖ്യാനം നൽകുന്നതിനുപകരം എവിടെയൊക്കെ കൂടുതൽ വ്യക്തമാക്കുകയും പ്രക്ഷിപ്തമാണെന്ന് കണ്ടെത്തിയതിനെ പ്രക്ഷിപ്തമെന്ന പേരിലും എഴുതിയിട്ടുണ്ട്.

### വേദങ്ങളിൽ യോഗം

വേദോദ്ധാരകനായ മഹർഷി ദയാനന്ദ സരസ്വതി എഴുതിയിട്ടുണ്ട്. "എല്ലാ സത്യവിദ്യകളുടേയും ആ വിദ്യകൊണ്ട് അറിയപ്പെടുന്ന പദാർത്ഥങ്ങളുടേയും ആദിമൂലം പരമേശ്വരനാകുന്നു." അതായത് ലോകത്തിൽ ഏതെല്ലാം വിദ്യകളുണ്ടോ അവയിൽ ഭൗതിക വിജ്ഞാനമാകട്ടെ, ആത്മ - പരമാത്മ - മനാദികളെ സംബന്ധിച്ച ആദ്ധ്യാത്മിക വിജ്ഞാനമാകട്ടെ - അവയുടെയെല്ലാം ആദിമൂലം അതായത് എല്ലാറ്റിന്റേയും ആധാരം ആ വിജ്ഞാനത്താൽ യുക്തമായതും ജ്ഞാനവിജ്ഞാനത്താൽ പരിപൂർണ്ണനായ പരമേശ്വരൻ ആണ്. പ്രകൃതിയിൽനിന്ന് ഉൽപ്പന്നമാവുന്ന ബുദ്ധി (മഹതത്ത്വം) യിൽനിന്നും തുടങ്ങി സമസ്തലോക - ലോകാന്തരപര്യന്തമുള്ള പ്രാകൃതിക പദാർത്ഥങ്ങളുടെയെല്ലാം കർത്താവും ധർത്താവും ഹർത്താവും ഈശ്വരനാണ്.

ആ ഈശ്വരനിൽനിന്നാണ് സമസ്ത വിദ്യകളും പ്രചലിതമായത്. ഈശ്വരപ്രദത്തമായ ജ്ഞാനമില്ലാത്ത ഒരു വ്യക്തിയുടേയും വ്യവഹാരസിദ്ധി ഉണ്ടാവുന്നില്ല, ഒരാളും ഭൗതിക - വൈജ്ഞാനിക - അധ്യാത്മിക - വൈജ്ഞാനികനാവില്ല. ആർക്കും തന്നെ ലൗകിക സുഖപ്രാപ്തിനേടാനോ മോക്ഷസുഖത്തേ പ്രാപിക്കാനോ കഴിയില്ല.

ഇക്കാര്യം വ്യക്തമാക്കുന്നതിനായി വേദങ്ങളിലെ ഏതാനും മന്ത്രങ്ങൾ ഉദ്ധരിക്കാം. **(തുടരും)**

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***







# പുരാണങ്ങൾ; സത്യവും മിഥ്യയും

**കെ. എം. രാജൻ**

**അദ്ധ്യായം – 1**

## പുരാണങ്ങൾ എന്ത്? എന്തിന്?

**ഭാ**രതത്തിന്റെ ആദ്ധ്യാത്മിക മേഖലയിൽ ഏറെ പ്രചരിക്കപ്പെട്ടവയും ജനമാനസങ്ങളിൽ ആഴത്തിൽ ഇറങ്ങി ചെന്നതുമാണ് വ്യാസനിർമ്മിതമെന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന പുരാണങ്ങളും ഉപപുരാണങ്ങളും. അവയെക്കുറിച്ചുള്ള ഒരപഗ്രഥനമാണ് ഇവിടെ നടത്താൻ ശ്രമിക്കുന്നത്.

വേദവ്യാസ രചിതമെന്ന് കരുതുന്ന പുരാണങ്ങൾ ഇപ്രകാരമാണെന്ന് പൗരാണികർ പറയുന്നു.

**18 പുരാണങ്ങൾ**

1. മാർക്കാണ്ഡേയ പുരാണം, 2. ഭവിഷ്യപുരാണം, 3. ഭാഗവതപുരാണം, 4. ബ്രഹ്മവൈവർത്തപുരാണം, 5. ബ്രഹ്മാണ്ഡപുരാണം, 6. ശിവപുരാണം, 7.വിഷ്ണു പുരാണം, 8. വരാഹപുരാണം, 9. ലിംഗപുരാണം, 10. പത്മപുരാണം, 11. നാരദപുരാണം, 12. കൂർമ്മപുരാണം, 13. മത്സ്യപുരാണം, 14. അഗ്നിപുരാണം, 15. ബ്രഹ്മപുരാണം, 16. വാമനപുരാണം, 17. സ്കന്ദപുരാണം, 18. ഗരുഡപുരാണം

ഈ 18 പുരാണങ്ങളെ ഓർത്തിരിക്കാനുതകുന്ന ഒരു ശ്ലോകം ദേവീഭാഗവതം, വാമനപുരാണം തുടങ്ങിയവയിൽ പറയുന്നു.

**മദ്വയം ഭദ്വയം ചൈവ ബ്രത്രയം വ ചതുഷ്ടയം।**
**അനാപലിംഗകൂസ്കാനി പുരാണാനിപൃഥക്പൃഥക്॥**
**(സ്കന്ധം 1, അദ്ധ്യായം 3, ശ്ലോകം 22)**

മദ്വയം ('മ' യിൽ തുടങ്ങുന്നത്) - മത്സ്യപുരാണം, മാർക്കാണ്ഡേയ പുരാണം.
ഭദ്വയം 'ഭ' യിൽ തുടങ്ങുന്നത് - ഭാഗവതം, ഭവിഷ്യപുരാണം
ബ്രത്രയം ('ബ്ര' യിൽ തുടങ്ങുന്നത്) - ബ്രഹ്മ, ബ്രഹ്മവൈവർത്ത, ബ്രഹ്മമാണ്ഡപുരാണങ്ങൾ
വ ചതുഷ്ടയം ('വ' യിൽ തുടങ്ങുന്ന 4 എണ്ണം)- വാമന, വിഷ്ണു, വരാഹ, വായു പുരാണങ്ങൾ.
അ, നാ, പ, ലിംഗ, കൂ, സ്ക (എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്നവ)

**അ – അഗ്നിപുരാണം**
**നാ – നാരദപുരാണം**
**പ – പത്മപുരാണം**
**ലിം – ലിംഗപുരാണം**
**ഗ – ഗരുഡ പുരാണം**
**കൂ – കൂർമ്മപുരാണം**
**സ്ക – സ്കന്ദപുരാണം**

ഇതിൽ 'ഭ' എന്നത് ദേവീഭാഗവതമാണെന്നും അഭിപ്രായഭേദങ്ങൾ പണ്ഡിതർക്കിടയിലുണ്ട്.

**(തുടരും)**

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 8 സൃഷ്ടി വിഷയം

**ചോദ്യം 25 : അനാര്യൻ ആരാണ്?**

**ഉത്തരം** : ദുഷ്ടൻ, അധാർമ്മികൻ, മാംസാഹാരി, ദുരാചാരി, എന്നിവരാണ് അനാര്യന്മാർ

**ചോദ്യം 26 : ഈ ലോകത്തിൽ എത്രജാതികളുണ്ട്?**

**ഉത്തരം** : ഈ ലോകത്തിൽ രണ്ടുജാതികളേയുള്ളു. ഒന്നു മനുഷ്യനും മറ്റേത് പശുപക്ഷികളും.

**ചോദ്യം 27 : ആര്യന്മാർ പുറത്ത് നിന്നവരാണോ?**

**ഉത്തരം** : അല്ല. ആര്യന്മാർ ഇവിടുത്തെ മൂലനിവാസികളാണ്.

**ചോദ്യം 28 : ഈശ്വരന്റെ യഥാർത്ഥ ഭക്തൻ ആരാണ്?**

**ഉത്തരം** : ആര്യനുമാത്രമേ ഈശ്വരന്റെ യഥാർത്ഥ ഭക്തനാവാൻ കഴിയുകയുള്ളൂ.

**ചോദ്യം 29 : ഏറ്റവും നല്ല രാജ്യം ആരുടേതായിരിക്കും?**

**ഉത്തരം** : സ്വദേശീയരുടെ ഭരണമുള്ളതാണ് ഏറ്റവും നല്ല രാജ്യം.

**ചോദ്യം 30 : ഈ ഭൂമിയേ സർപ്പമോ, കാളയോ മറ്റോ ധാരണം ചെയ്തിരിക്കുകയാണോ?**

**ഉത്തരം** :അല്ല, ഈശ്വരനാണ് ഭൂമിയേ ധാരണം ചെയ്തിരിക്കുന്നത്.

**ചോദ്യം 31 : ഈ പ്രപഞ്ചത്തിന്റെ മറ്റു ഭാഗങ്ങളിൽ മനുഷ്യവാസമുണ്ടോ?**

**ഉത്തരം** : ഉവ്വ്

**ചോദ്യം 32 : ഈ സൃഷ്ടി എത്രകാലം നിലനിൽക്കും?**

**ഉത്തരം** : 432 കോടി വർഷം വരെ ഈ സൃഷ്ടി നിലനിൽക്കും.

**ചോദ്യം 33 : അതിനുശേഷം എന്തു സംഭവിക്കും?**

**ഉത്തരം** : അതിനുശേഷം പ്രപഞ്ചത്തിന്റെ നാശം അഥവാ പ്രളയം സംഭവിക്കും.

**ചോദ്യം 34 : പ്രളയം എത്രകാലം നീണ്ടുനിൽക്കും?**

**ഉത്തരം** : 432 കോടി വർഷം വരെ പ്രളയവും നിലനിൽക്കും.

**ചോദ്യം 35 : പ്രളയത്തിനുശേഷം വീണ്ടും പ്രപഞ്ചം ഉൽപ്പന്നമാവുമോ?**

**ഉത്തരം** : പ്രളയശേഷം പ്രപഞ്ചം വീണ്ടും ഉൽപ്പന്നമാവുന്നതാണ്.

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം –5*



**ര**ണ്ടുപേരും അൽപ്പനേരം അന്തരീക്ഷത്തിൽ കലപിലകൂട്ടി തിങ്ങിപ്പാറിപ്പറക്കുന്ന അനന്തകോടി ശബ്ദതരംഗങ്ങളെ മനോബുദ്ധികളായ റിസീവറുകളാൽ വകഞ്ഞു വേർതിരിച്ച്, ജ്ഞാനകോശമായ ഈശ്വരപ്രണീത വേദവാണികൾ മാത്രം പിടിച്ചെടുത്ത ഋഷിവര്യരെപ്പോലെ തങ്ങളുടെ ഭാവിതലമുറയുടെ ചിന്താസമാധിയിൽ എല്ലാം മറന്ന് സ്തംഭസമാനം നിന്നുപോയി.

ഈ സംഭവത്തിനുശേഷം ഇടക്കിടെ സന്ദർഭം കിട്ടുമ്പോൾ അവരുടെ മുഖാമുഖം നടന്നുകൊണ്ടിരുന്നു. ആ പോക്കുവരവിൽ പ്രകൃതിയുടെ വികൃതിയെന്നു പറയട്ടെ, അമ്മ ഗർഭം ധരിച്ചു. ഇനി ഉണ്ടാവില്ലെന്നു കരുതിയിരിക്കയായിരുന്നു. അമ്മക്ക് വയസ്സ് 40 ആയി. എന്നാലും ഈശ്വരകൽപ്പിതം മാറ്റിക്കുറിക്കാനാവില്ലല്ലോ. അനുഭവിക്കതന്നെ അല്ലാതെന്തുചെയ്യും. നല്ലതിനോ ചീത്തക്കോ എന്തിനാണെന്നറിഞ്ഞുകൂടാ? അനുഭവിച്ചേതീരൂ. ഗർഭിണിയായെന്നറിഞ്ഞപ്പോൾ അമ്മ തറവാട്ടിലേക്ക് പോന്നു.

നല്ല കാലത്ത് ഇല്ലത്ത് ആശ്രിതനായിരുന്ന അയൽക്കാരുടെ സഹായസഹകരണകൊണ്ട് പട്ടിണികിടക്കാതെ എട്ടുപത്തുമാസങ്ങൾ എങ്ങനെയെന്നില്ലാതെ തള്ളിനീക്കി. പ്രസവിച്ചു. ഉണ്ണി! മൂത്തവരെല്ലാം ശങ്കരമംഗലത്തായിരുന്നു. അച്ഛൻ കേട്ടറിഞ്ഞ് വന്ന് അയൽക്കാരുടെയും അസ്മാദികളുടേയും മറ്റും സഹായത്തോടെ ജാതകർമ്മം, നാമകരണം, വാതിൽ പുറപ്പാട് (നിഷ്ക്രമണം), മുതലായ പ്രാഥമിക ക്രിയകൾ നടത്തിയിട്ട്, തൃശ്ശൂർക്ക് തന്നെ മടങ്ങി.

ശങ്കരമംഗലത്തെ ഉദാരമതിയായ കാരണവരുടെ മഹാമനസ്കതാ നിദർശനമായിരുന്നു ആ ആധാരം. കിഴക്കുങ്കരതറവാടിന്റെ ദയനീയാവസ്ഥകണ്ട് ആ ഉദാരമനസ്കൻ പണയപ്പെട്ടുപോയ സ്വത്തുക്കളിൽ നിന്ന് 1000 പാട്ടത്തിന്റെ നിലവും അതിനൊത്ത പറമ്പും പണയക്കടം തീർത്തെടുത്ത് കിഴക്കുങ്കര തറവാട്ടിലേക്ക് ദാനം ചെയ്തു. ആ ദാനത്തീരാധാരമായിരുന്നു കാര്യസ്ഥൻ മുഖാന്തിരം കൊടുത്തയച്ചിരുന്നത്. അമ്മ അത്ഭുത പരതന്ത്രയായി സന്തോഷാശ്രുവിൽ കുളിച്ചും എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു അവർക്ക്. പക്ഷെ ഇടനെഞ്ചുവിങ്ങി, ശബ്ദം പൊങ്ങാതായി, വായ് പൊളിച്ച് കൺകൾ മലർക്കെ തുറന്നുതൂണെന്നോണം നിന്നുപോയി. ലക്ഷ്മി അമ്മ – പ്രസവശുശ്രൂഷക – പരിഭ്രമിച്ച് കുറച്ചുനേരം നിശബ്ദയായിനിന്നശേഷം മനസ്സിനെ സംയമിപ്പിച്ചു.

" ഈ ഓമനയുടെ ജന്മംകൊണ്ട് കുഞ്ഞാത്തോല് രക്ഷപ്പെട്ടു. ഈ കുഞ്ഞിന്റെ ജാതകഫലമാണിത്. അതുകൊണ്ട് നമുക്ക് സമാധാനിക്കാം. ദൈവം ശിക്ഷ മാത്രമല്ല, രക്ഷയും തരും. പേടിക്കേണ്ട, ധൈര്യമായിരുന്നോളൂ" ലക്ഷ്മിയമ്മ സമാധാനിപ്പിച്ചു.

"ആരുമില്ലാത്തവർക്കീശ്വരൻ തുണയെന്നുണ്ടല്ലോ" അമ്മ ശൂന്യതയിൽ നോക്കി ദീർഘമായൊന്നുശ്വസിച്ചു.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***